"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - ഇൻഫർമേഷൻ കേരള മിഷനിലെ ഡെപ്യൂട്ടി ഡയറക്ടർ (ആർ&ഡി) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനം അനുഷ്ഠിക്കുന്ന കണ്ണൂർ യൂണിവേഴ്സിറ്റിയിലെ എൻ എ എം കോളേജിൽ കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. കെ . പി നൗഫലിന്റെ സേവന കാലാവധി - ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഇ ജി) വകുപ്പ്

സ.ഉ.(സാധാ) നം.1930/2023/LSGD തീയതി,തിരുവനന്തപുരം, 30-09-2023

---

പരാമർശം:-
1. സർക്കുലർ നം. 42/2013/ധന തീയതി 10/05/2013
2. സ. ഉ (അച്ചടി) നം. 580/2013/ധന തീയതി 28/11/2013
3. 17/09/2022 ലെ സ.ഉ.(സാധാ) നം. 2275/2022/ത.സ്വ.ഭ.വ
4. ഐ.കെ.എം ചീഫ് മിഷൻ ഡയറക്ടറുടെ 04.09.2023ലെ 3119/ഇ4/2023/ഐ.കെ.എം നമ്പർ കത്ത്

<u>ഉത്തരവ്</u>

പരാമർശം (3) ഉത്തരവ് പ്രകാരം ഇൻഫർമേഷൻ കേരള മിഷനിലെ ഡെപ്യൂട്ടി ഡയറക്ടർ (ആർ&ഡി) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനം അനുഷ്ഠിക്കുന്ന കണ്ണൂർ യൂണിവേഴ്സിറ്റിയിലെ എൻ.എ.എം കോളേജിൽ കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ.കെ.പി നൗഫലിന്റെ സേവന കാലാവധി 30/9/2023ന് അവസാനിക്കുന്നതിനാൽ സേവന കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (4) പ്രകാരം ഐ.കെ.എം ചീഫ് മിഷൻ ഡയറക്ടർ & എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻ ചാർജ്ജ് അഭ്യർത്ഥിച്ചു. കേരളത്തിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും വേണ്ടിയുള്ള കെ-സ്മാർട്ട് ആപ്ലിക്കേഷനുകളുടെ വികസനത്തിന്റെ മുഖ്യചുമതല നിർവ്വഹിക്കുന്നത് ഡോ.കെ.പി.നൗഫൽ ആണെന്നും കൂടാതെ ടിയാന്റെ മാതൃസ്ഥാപനത്തിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെന്നും ടി സാഹചര്യത്തിൽ, ടിയാന്റെ സേവനം ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിനുള്ള അനുമതി നൽകണമെന്നും കത്തിൽ ശുപാർശ ചെയ്തിട്ടുണ്ട് .

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1), (2) പ്രകാരം നിലവിലുള്ള മാനദണ്ഡങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി ഡോ. കെ . പി നൗഫലിന്റെ ഇൻഫർമേഷൻ കേരള മിഷനിലെ ഡെപ്യൂട്ടി ഡയറക്ടർ (ആർ&ഡി) തസ്തികയിലെ അന്യത്രസേവന കാലാവധി 01.10.2023 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHAJI T R
ഡെപ്യൂട്ടി സെക്രട്ടറി

ചീഫ് മിഷൻ ഡയറക്ടർ & എക്സിക്യൂട്ടീവ് ഡയറക്ടർ ((ഇൻ ചാർജ്ജ്) ഇൻഫർമേഷൻ കേരളമിഷൻ , തിരുവനന്തപുരം
ഡോ. കെ . പി നൗഫൽ, ഡെപ്യൂട്ടി ഡയറക്ടർ (ആർ&ഡി), ഇൻഫർമേഷൻ കേരളമിഷൻ , തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ ഖരമാലിന്യ പരിപാലന പദ്ധതി
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (E&RSA/G&SSA) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (LSGD-EG1/17/2022/LSGD)

ഉത്തരവിൻ പ്രകാരം

Signed by
Bindu S
Date: 30-09-2023 14:19:46
സെക്ഷൻ ഓഫീസർ

പകർപ്പ് : തദ്ദേശ സ്വയം ഭരണ ,എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി എ യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി യ്ക്ക്